LIBRARY ARCHIVES Kerala Legislative Assembly

പ്രവാസി നിക്ഷേപം

152 (498) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രവാസി നിക്ഷേപം അടിസ്ഥാന വികസനത്തിനും മറ്റുമായി ഉചിതമായ തരത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ പൊതുവികസനത്തിനും പ്രവാസി നിക്ഷേപകർക്കും പ്രയോജനകരമായ തരത്തിൽ പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്തുന്നതിന് ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപസാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി നോർക്ക 'ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ് വഴി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി മറ്റൊരു പുതിയ പദ്ധതിയും (engaging diaspora for investment in the state) ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള വായ്പകൾ

153 (499) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നീയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും നാളിതുവരെ കമ്പോളത്തിൽ നിന്നും എത്രകോടി രൂപ വായ്പ എടുത്തിട്ടുണ്ട് ; ഏതെല്ലാം നിലയിൽ എന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്രസർക്കാരിൽനിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും മറ്റ് നിലയിലും എടുത്ത വായ്പ എത്രയാണ് ; വിദേശ വായ്പകൾ എത്ര ;

(സി) നാഷണൽ സേവിംഗ്സ് പദ്ധതി പ്രകാരം സമാഹരിക്കപ്പെട്ട തുക എത്ര ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം കടം എത്രയായിരുന്നു ; അതിപ്പോൾ എത്രയാണ് : എത്ര കോടിയുടെ വർദ്ധനയാണുണ്ടായത് ;

(ഇ) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം സംസ്ഥാന ഗവൺമെന്റ് കൊടുത്തു തീർക്കുവാനുള്ള മറ്റ് ബാധ്യതകൾ ആകെ എത്ര രൂപയാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും നാളിതുവരെ കമ്പോളത്തിൽ നിന്നും എടുത്ത വായ്പകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	വായ്പാ തുക (കോടിയിൽ)
2011-12	8,880
2012-13	11,583
2013-14	12,800
2014-15	12,200
(28-2-2015 വരെ)	
ആകെ	45,463

(ബി) കേന്ദ്രസർക്കാരിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും മറ്റുനിലയിലും എടുത്ത വായ്പകളുടെ വിശദാംശം ചുവടെ ചേർക്കുന്നു (അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം)

(തുക കോടിയിൽ)

	2011-12	2012-13
ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ	511.81	495.79
കേന്ദ്രത്തിൽനിന്നുള്ള വായ്പ (വിദേശ വായ്പ ഉൾപ്പെടെ)	407.15	552.29

LIBRARY ARCHIVES Kerala Legislative Assembly

(സി) നാഷണൽ സേവിംഗ്സ് പദ്ധതി പ്രകാരം സമാഹരിക്കപ്പെട്ട തുക 1304.41 കോടി രൂപയാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011-ൽ സംസ്ഥാനത്തിന്റെ മൊത്തം പൊതുകടം 78673.24 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 31-12-2014 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം ഇത് നിലവിൽ 1,28,095.05 കോടി രൂപയാണ്. 49,421.81 കോടി രൂപയുടെ വർദ്ധനവാണ് പൊതുകടത്തിൽ ഉണ്ടായിട്ടുള്ളത്.

(ഇ) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം സംസ്ഥാന ഗവൺമെന്റ് കൊടുത്തു തീർക്കുവാനുള്ള കടബാദ്ധ്യത 31-12-2014 വരെ ആകെ 1,28,095.05 കോടി രൂപയാണ്.

പ്രവാസി നിക്ഷേപങ്ങൾ

154 (500) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ നിക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിന് വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രവാസികളുടെ നിക്ഷേപമായി വിവിധ ബാങ്കുകളിൽ എത്ര തുകയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപസാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി നോർക്ക 'ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ് വഴി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി മറ്റൊരു പുതിയ പദ്ധതിയും (engaging diaspora for investment in the state) ആവിഷ്കരിച്ചിട്ടുണ്ട്.

(സി) പ്രവാസികളുടെ നിക്ഷേപമായി വിവിധ ബാങ്കുകളിലുള്ള തുക ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly